ഇലക്ട്രൽ റോൾ തയ്യാറാക്കി തെരഞ്ഞെടുപ്പ് കഴിയുന്നതുംവേഗം നടത്താൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഫാർമസിസ്റ്റുകൾ

26 [31] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിലെ പല വിഭാഗത്തിലുള്ള ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചിട്ടും ഫാർമസിസ്റ്റുകളുടെ കാര്യത്തിൽ പരിഷ്ക്കരണമുണ്ടാകാതിരിക്കുന്നതിന്റെ കാരണം എന്താണ് ?

ഉത്തരം

1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 75 കിടക്കകൾവരെ ഒരു ഫാർമസിസ്റ്റും അതിനുമുകളിലുള്ള ഓരോ 75 കിടക്കകൾക്കും ഒരു ഫാർമസിസ്റ്റുവീതവും 300 ഒ.പി.യ്ക്കു മുകളിലുള്ള ഓരോ 200 ഒ. പി.യ്ക്കും ഓരോ ഫാർമസിസ്റ്റും അനുവദിച്ചിട്ടുണ്ട്. 1961-നു ശേഷം നെഴ്സുമാരുടേതൊഴിച്ച് മറ്റുജീവനക്കാരുടെ സ്റ്റാഫ് പാറ്റേണിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

ഉള്ളിയേരി പ്രൈമറി ഹെൽത്ത് സെന്റർ

27 [32] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട ഉള്ളിയേരി പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്ന കെട്ടിടം തീരെ അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിന് ആശുപത്രി വികസന കമ്മിറ്റിയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. ആശുപത്രി കമ്മിറ്റി വാർഡിന്റെ പണി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത വാർഡിന്റെ പണി പൂർത്തിയാകുന്നതോടുകൂടി ഇന്നത്തെ അപര്യാപ്തത മാറുന്നതാണ്.

സംസ്ഥാനത്തെ ആശുപത്രികൾ

28 [33] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെ 200 കിടക്കകളിൽ കൂടുതലുള്ള എത്ര ആശുപത്രികൾ ഉണ്ട് ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly